I/82100/2023

**<u>ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ</u>**
**<u>സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം.</u>**

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - ആശ്രിത നിയമന പദ്ധതി പ്രകാരം നിയമിച്ച ക്ലാർക്കുമാരെ ഓപ്റ്റഡ് ജില്ലയിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. സർക്കാർ ഉത്തരവ്(പി) നം.12/99 പി.&എ.ആർ.ഡി., തീയതി: 24-05-99
2. സർക്കാർ കത്ത് നം. എച്ച്1-169/2019/ആ.കു.വ., തീയതി: 20/01/2020
3. കത്ത് നം. എ2-5840/2020,ജി.മെ.ഓ.(ആ.), പാലക്കാട്, തീയതി 26/07/2023.
4. കത്ത് നം. എ2-1630/2023/ജി.മെ.ഓ.(ആ.),ആലപ്പുഴ, തീയതി: 23/05/2023
5.കത്ത് നം. എ2-21117/2022/ജി.മെ.ഓ.(ആ.),എറണാകുളം,തീയതി: 11/03/2023.
6. ജീവനക്കാരുടെ സ്ഥലംമാറ്റ അപേക്ഷകൾ

**<u>ഉത്തരവ് നം : ഇ.ഡി.1-05/2023/ആ.വ.ഡ., തീയതി : 14-09-2023</u>**

പരാമർശം (1) ഉത്തരവിലെ പാരാ 28,29 വ്യവസ്ഥകൾക്ക് വിധേയമായി ആശ്രിത നിയമന പദ്ധതി പ്രകാരം നിയമിതരായ ചുവടെ ചേർക്കുന്ന ക്ലാർക്കുമാരെ അവരുടെ ഓപ്റ്റഡ് ജില്ലകളിലേക്ക് സ്ഥലംമാറ്റി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | പേര്, ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ള ജില്ല | റിമാർക്സ് |
|---|---|---|---|
| 1. | ആശ പി.<br>ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം | പാലക്കാട് | നിലവിലെ ഒഴിവിലേയ്ക്ക് |
| 2. | അൻസാർ അഹമ്മദ് എച്ച്.<br>പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് സ്കൂൾ<br>തിരുവനന്തപുരം | ആലപ്പുഴ | നിലവിലെ ഒഴിവിലേയ്ക്ക് |
| 3. | ആൽബിൻ പി. എ.<br>ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം | എറണാകുളം | നിലവിലെ ഒഴിവിലേയ്ക്ക് |
| 4. | ഗോകുൽ ദീപ് ആർ. പി.<br>പ്രാഥമികാരോഗ്യ കേന്ദ്രം<br>കുറ്റുമുഖം, കണ്ണൂർ | ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം | ആശ പി. -യെ സ്ഥലംമാറ്റിയ ഒഴിവിലേയ്ക്ക് |

ജില്ലകളിലേയ്ക്ക് സ്ഥലംലഭിച്ചിട്ടുള്ള ജീവനക്കാർക്ക് ജില്ലാ മെഡിക്കൽ ഓഫീസർ ഉചിതമായ സ്ഥാപനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ആയത് ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിന്റെ ഔദ്യോഗികവെബ്സൈറ്റിൽ

I/82100/2023

പ്രസിദ്ധികരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ജോലിയിൽ പ്രവേശിക്കുന്നതിനും വിടുതൽ ചെയ്യുന്നതിനുമുള്ള ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

Signed by
Abul Kalam M
Date: 14-09-2023 11:13:35
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്: ബന്ധപ്പെട്ട ജീവനക്കാർക്ക്.

പകർപ്പ് :
1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പാലക്കാട്/ആലപ്പുഴ/ എറണാകുളം
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
3. ഫയൽ/കരുതൽ ഫയൽ